(ബി) ഒരു കോടി പത്തുലക്ഷം രൂപാ.
(സി) ഉദ്ദേശം ൨൦൦൦ വ ലക്ഷം രൂപാ.
(ഡി) കൊടുത്തിട്ടില്ല.
(ഇ) ഡിയുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

മജിസ്ട്രേട്ടിന്റെമേൽ പരാതി

൪൨. (൨) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തൃശൂർ മുനിസിപ്പൽ മജിസ്ട്രേട്ടിന്റെ പേരിൽ വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരോപണങ്ങൾ എന്തു;

(സി) ആരോപണക്കാർ ആരു;

(സി) അതിന്മേൽ എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ)

(എ) ഉണ്ടു.

(ബി) അഴിമതി, കൈക്കൂലിവാങ്ങൽ, ജോലിയിൽ സാവധാനത, പാർശ്വപാതം.

(സി) ൧. ശങ്കരൻ വേലു, കരിഞ്ഞപറമ്പിൽ, പഠവൂർ. ൨. തൃശൂർ കോടതിയിലെ ചില അഡ്വക്കേറ്റന്മാരും, വക്കീലന്മാരും.

(ഡി) അന്വേഷണം പൂർത്തിയായിട്ടില്ല.

സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥന്മാർ

൪൩. (൪) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) സെക്രട്ടറിയേറ്റിലെ ഗവൺമെന്റ് സെക്രട്ടറിമാരും, ഡെപ്യൂട്ടി സെക്രട്ടറിമാരും, അസി: സെക്രട്ടറിമാരും എത്ര;

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന സെക്രട്ടറിമാരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക മേശപ്പുറത്തു വയ്ക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൧. സിക്രട്ടറിമാർ— ൫.
൨. ഡിപ്യൂട്ടി സിക്രട്ടറിമാർ—൨.
൩. അസി: സിക്രട്ടറിമാർ— ൧൨.

(ബി) പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

Secretaries to Government.

1.	Sri.	M. C. Thomas	..	Christian
2.	,,	V. K. Velayudhan	..	Ezhava
3.	,,	John Samuel	..	Christian
4.	,,	K. S. Raghavan	..	Ezhava
5.	,,	Kainikkara M. Padmanabha Pillai	..	Nayar

Deputy Secretaries to Government

1.	Sri.	V. Kunhi Krishnan	..	Salia
2.	,,	P. M. Aiyamperumal Pillai	..	Vellala

Assistant Secretaries to Government

1.	Sri.	S. Govinda Menon	..	Nayar
2.	,,	P. N. Kunjan Pillai	..	Nayar
3.	,,	C. Narayana Poduval	..	Other Hindu

LIBRARY ARCHIVES Kerala Legislative Assembly